**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1691** **08-10-2021 - ൽ മറുപടിയ്ക്ക്**

**തൃപ്പൂണിത്തുറ അർ.എൽ.വി. കോളേജ് സ്റ്റാഫ് പാറ്റേൺ പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** | | **Dr. R. Bindu**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാരിന് കീഴിലുള്ള തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജ് ഓഫ് മ്യൂസിക് & ഫൈൻ ആർട്സിൽ പുതുതായി കോഴ്സുകൾ ആരംഭിച്ചതിനും വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിപ്പിച്ചതിനും ആനുപാതികമായി സ്റ്റാഫ് പാറ്റേൺ, പരിഷ്കരിച്ചിരുന്നോ എന്ന് അറിയിക്കുമോ; | (എ) | സ.ഉ.(കൈ)നം.125/2021 തീയതി 19/02/2021 പ്രകാരം പുതിയ അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) | നിലവിലുള്ള കോഴ്സുകൾക്കും വിദ്യാർത്ഥികളുടെ എണ്ണത്തിനും ആനുപാതികമായ സ്റ്റാഫ് പാറ്റേണാണോ ആർ.എൽ.വി. കോളേജിൽ നിലനിൽക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (ബി) | സ.ഉ.(കൈ)നം.125/2021 തീയതി 19/02/2021 പ്രകാരം പുതിയ അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |
| (സി) | മറ്റ് സംഗീത കോളേജുകളുടേതിലും രണ്ടിരട്ടി കോഴ്സുകളും വിദ്യാർത്ഥികളുമുള്ള ആർ.എൽ.വി.കോളേജിൽ ആനുപാതികമായി അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് വേണ്ടിയുള്ള പ്രൊപ്പോസലുകളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (സി) | ഒരു ഹെഡ് അക്കൗണ്ടന്റ് തസ്തികയും 2ക്ലാർക്ക് തസ്തികകളും സൃഷ്ടിക്കുന്ന തിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരികയാണ്. |
| (ഡി) | മേൽപ്പറഞ്ഞ വിധത്തിൽ അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ? | (ഡി) | ഒരു ഹെഡ് അക്കൗണ്ടന്റ് തസ്തികയും 2ക്ലാർക്ക് തസ്തികകളും സൃഷ്ടിക്കുന്ന തിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ